

## പല്ലവി

സർവവും സൃഷ്ടിച്ച കർത്താവേ നിൻ
ഭൂവിലെ വാസത്തെ ഓർക്കുന്നു ഞാൻ

## ചരണങ്ങൾ

ദരിദ്രനായി തീർന്നഹൈ നിൻ കൃപയിൽ
തിരിച്ചുവരുത്തുവാനായി മർത്യരെ
പെരുത്തദുഃഖം നിനക്കിങ്ങുവന്നു
ഞെരുക്കങ്ങളനവധി അനുഭവിച്ചു

പാപത്താൽ ദൈവത്തിൻ വൈരികളായി
ശാപത്തിലകപ്പെട്ടു മനുജർക്കായി
പാപത്തിൻ ഭാരങ്ങളേറ്റിടുവാൻ
ദസന്റെ രൂപത്തെ എടുത്തതു നീ

മരണത്തെ രുചിച്ചു നീ ക്രൂശിലെന്റെ
നരകത്തിൻ ദുരിതങ്ങൾ നീക്കീടുവാൻ
കരുണയിൻ വൻനദി യേശുപരാ
കരയിച്ചു പാപിയിൻദുരിതം നിന്നെ



നിൻ മഹാ സ്നേഹം ഞാനോർത്തിടാതെ
അന്ധനായി പാപത്തിൽ ജീവിച്ചയ്യോ
സ്നേഹമുള്ളേശുവെന്നരികിൽ വന്നു
പാപത്തെ നീക്കത്തൻ മാർവിലാക്കി

ആടുകൾക്കിടയനാമേശുവേ നീ
അടിയനെ ദിനം തോറും നടത്തണമേ
പച്ചമേച്ചൽ സ്ഥലമെനിക്കു നല്കി-
ട്ടിമ്പമായി ദിനംതോറും നടത്തണമേ

മരണത്തോളം നിന്നിൽ വിശ്വസ്തനായി
പാർക്കുവാനെന്നെ നീ കാക്കണമേ
നിരുമേനിയെഴുന്നെള്ളി വെളിപ്പെടുമ്പോ-
ളരികിലീ അടിയനും കാണണമേ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me